പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1445 — 22.3.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കാഞ്ഞങ്ങാട് നഗരസഭയിലെ മാലിന്യസംസ്കരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | കാഞ്ഞങ്ങാട് നഗരസഭയിൽ മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതിക്ക് ധനസഹായം നൽകിയിരുന്നുവോയെന്നും ഏത് ഏജൻസി മുഖേനഎന്തു തുക നൽകിയെന്നും അറിയിക്കുമോ; | ബി) | ക്ലീൻ കേരള മിഷന്റെ IDSMTപദ്ധതി പ്രകാരം 39 ലക്ഷം രൂപ ധനസഹായം നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും ആകെ എന്തു തുക പ്രസ്തുത പദ്ധതിക്കായി അനുവദിച്ചെന്നും അറിയിക്കുമോ; | സി) | കാസർകോട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, നായിക്കാപ്പ്, കുമ്പള എന്ന സ്ഥാപനത്തെയാണ് പദ്ധതി നടപ്പിലാക്കുവാൻ നഗരസഭ ചുമതലപ്പെടുത്തിയിരുന്നത്. |
| ഡി) | പ്രസ്തുത പദ്ധതി പൂർത്തിയാവുകയും മാലിന്യ സംസ്കരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | ഡി) | ഇല്ല. 39 ലക്ഷം രൂപ അഡ്വാൻസ് കൈപ്പറ്റി എങ്കിലും 22,81,830/- രൂപയുടെ പ്രവൃത്തി മാത്രം നടത്തി ബാക്കി പ്രവൃത്തി മേൽസ്ഥാപനം പാതിവഴിക്ക് ഉപേക്ഷിക്കുകയാണുണ്ടായത്. |
| ഇ) | കാസർഗോഡ് ജില്ലയിൽ മറ്റെവിടെയെങ്കിലും മാലിന്യ സംസ്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അവ പ്രവർത്തിക്കുന്നുണ്ടോയെന്നും അറിയിക്കുമോ; | ഇ) | ഇല്ല. |

എഫ്) മാലിന്യ സംസ്കരണ പ്ലാന്റുക ളുടെ നിർമ്മാണത്തിലും പ്രവർത്ത നത്തിലും ഉണ്ടായ വീഴ്ചകൾക്കും ധനദുർവിനിയോഗത്തിനുമെതിരെ അന്വേഷണവും ഉത്തരവാദികളായ വർക്കെതിരെ നിയമ നടപടിയും സ്വീകരിക്കുമോയെന്ന് അറിയി ക്കുമോ?

എഫ്) കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി, നായിക്കാപ്പ്, കുമ്പള എന്ന സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തു വാൻ നഗരകാര്യ ഡയറക്ടറോട് നഗരസഭ ആവശ്യപ്പെടുകയും 28/04/2012-ലെ 22-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഒരു കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെ ട്ടുകൊണ്ട് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച പരാതി തീർപ്പാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ